(സി) ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സൊസൈറ്റികൾ രൂപീകരിച്ച് ഭവന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടം നിർമ്മിച്ച നൽകേണ്ട സ്ഥലങ്ങളുടെ ദുർഘടസ്ഥിതി, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദുർലഭ്യം, വിദഗ്ദ്ധമായ കൈത്തൊഴിലാളികളുടെ അഭാവം എന്നിവയാണ് ഭവന നിർമ്മാണ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിന് കാരണമാകുന്നത്.

(ബി) വയനാട് ജില്ലയിൽ ഇത്തരത്തിൽ ആകെ 1089 ഭവനങ്ങൾ ഉണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

സുൽത്താൻബത്തേരി	-	490
മാനന്തവാടി	-	175
കൽപ്പറ്റ	-	424

(സി) ഉണ്ട്. വയനാട് ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും പട്ടികവർഗ്ഗ ഭവന നിർമ്മാണ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആയത് മുഖാന്തിരം നിർമ്മാണ പ്രവർത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ചേലക്കര മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ

199 (4783) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവിദ്യാഭ്യാസവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ടെന്ന് പറയാമോ ;

(ബി) പ്രസ്തുത കോളനികളിൽ ഓരോന്നിലും എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ വീതം ഉണ്ടെന്ന് പറയാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ കോളനികളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്നും അതിന് വിനിയോഗിച്ചതുക എത്രയാണെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ 4 പട്ടികവർഗ്ഗ കോളനികളാണ് ഉള്ളത്.

(ബി)
1. കളപ്പാറ - 21 കുടുംബങ്ങൾ
2. മാങ്കളമ്പ് - 13 കുടുംബങ്ങൾ
3. മാട്ടിന്തുകൾ - 20 കുടുംബങ്ങൾ
4. തിരുമണി - 39 കുടുംബങ്ങൾ

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ കോളനിയിലും നടപ്പിലാക്കിയ പദ്ധതി വിവരം ചുവടെ ചേർക്കുന്നു :

1. കളപ്പാറ :

2011-12 സാമ്പത്തിക വർഷം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് സാംസ്കാരിക നിലയം അനുവദിച്ചിട്ടുണ്ട്. സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2. മാങ്കളമ്പ് :

2014-15 സാമ്പത്തിക വർഷത്തിൽ റോഡ് സൈഡ് വാൾ പ്രൊട്ടക്ഷനായി 94,000 രൂപ അനുവദിച്ചിട്ടുണ്ട്.

3. മാട്ടിന്തുകൾ :

2014-15 സാമ്പത്തിക വർഷത്തിൽ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ആട് വളർത്തൽ (2,37,000 രൂപ), വീഡ് കട്ടർ വാങ്ങി നൽകൽ (24,834 രൂപ), മണ്ണു സംരക്ഷണ പദ്ധതി (2,40,000 രൂപ), വുഡ് കട്ടർ വാങ്ങി നൽകൽ (35,000 രൂപ), മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ (1,20,000 രൂപ) എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. തിരുമണി :

2014-15 സാമ്പത്തിക വർഷം കുടിവെള്ള പദ്ധതിക്കായി 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി സങ്കേതത്തിലെ 2 കുടുംബങ്ങൾക്ക് ആശിക്കം ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ വീതം ചെലവഴിച്ച് 25 സെന്റ് ഭൂമി വീതം വാങ്ങി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly